മി.സ്പീക്കർ: ഓർഡർ......ഓർഡർ......പ്ലീസ്......പ്ലീസ്........

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്...... ഇത് ചോദ്യോത്തര സമയമാണ്. ദയവായി സഹകരിക്കണം. ചോദ്യം നം. *121

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം

(*121) പ്രൊഫ. സി.രവീന്ദ്രനാഥ്:

ശ്രീ. എം.എ.ബേബി:

ഡോ. ടി.എം.തോമസ് ഐസക്:

ശ്രീ.സി.കൃഷ്ണൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം ഏറ്റവും ഒടുവിൽ നടത്തിയത് എന്നാണ്, വിശദാംശങ്ങൾ നൽകാമോ;

(ബി) പദ്ധതി നടത്തിപ്പ് കാലാവധി നീട്ടിക്കൊടുത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പല പരിഷ്കാരങ്ങൾ നടത്തിയിട്ടും പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടാകുന്ന എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുത്തി വരുത്തിയ പരിഷ്കാരങ്ങൾ പുനഃപരിശോധിക്കാൻ തയ്യാറാകുമോ;

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ,

(എ) 08-04-2015-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ 2014-15 വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 14-04-2015-ൽ നടന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ വകുപ്പുതല അവലോകന യോഗത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തിയിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) പദ്ധതി നടത്തിപ്പിന്റെ കാലാവധി നീട്ടിക്കൊടുത്തിട്ടില്ല. ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കിയതു മുതൽ ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന ഏറ്റവും കുറഞ്ഞ തുക സർക്കാർ നിശ്ചയിക്കുന്നതും അതിലുപരിയുള്ള തുക അടുത്ത വർഷത്തേക്ക് ക്യാരി ഓവർ

ചെയ്യുകയുമാണ് ചെയ്യുന്നത്. എന്നാൽ 2014-15-ൽ അപ്രകാരം പരിധി നിശ്ചയിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന മുഴുവൻ തുകയും 2015-16-ലേക്ക് ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയാണ് ചെയ്തത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായ സ്ഥിതി വിശേഷമാണുണ്ടാക്കിയത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും കാതലായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഒരു പദ്ധതി കാലത്തേക്കുള്ള പഞ്ചവത്സര പദ്ധതിയും ഓരോ രണ്ട് വർഷത്തേക്കുള്ള പദ്ധതികളും രൂപീകരിച്ച് നടപ്പിലാക്കുന്നതിന് നടപടിയെടുക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നടപ്പിലാക്കുന്ന Shelf of Projects എപ്പോഴും തയ്യാറായിരിക്കുന്ന സ്ഥിതി നിലവിൽ വന്നിട്ടുണ്ട്. പാലിയേറ്റീവ് കെയർ, ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്ന പദ്ധതി, പൊതു ശ്മശാനവും അറവുശാലകളുമില്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനാവശ്യമായ തുക തുടങ്ങിയവയ്ക്ക് നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് കോളനികൾക്ക്

വെളിയിൽ റോഡ് നിർമ്മാണം നടത്തരുതെന്ന് നിഷ്കർഷിക്കുകയുണ്ടായി. അതു കാരണം എസ്.സി.പി. ഫണ്ട് പട്ടികജാതിയിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഉപയോഗിക്കാൻ സാധിച്ചു. എസ്.സി.പി/റ്റി.എസ്.പി. ഫണ്ടിൽ 10% തുക ആ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കണമെന്ന് നിഷ്കർഷിച്ചു. എസ്.സി.പി/റ്റി.എസ്.പി. - യിൽ പെട്ട വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനും പ്രൊഫഷണൽ കോഴ്സിനുള്ള എൻട്രൻസ് കോച്ചിംഗിന് ധനസഹായം നൽകുന്നതിനും വിദേശത്ത് ജോലി ലഭിക്കുന്നതിനും തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നു. സംയുക്ത പ്രോജക്ട് ഏറ്റെടുക്കുന്നതിന് വ്യക്തമായ മാർഗ്ഗരേഖ കൊണ്ടുവന്നു. പദ്ധതി അംഗീകാരം നൽകുന്നതിന് ഇടത്തട്ടിലുള്ള സാങ്കേതിക ഉപദേശക സമിതിയെ ഒഴിവാക്കി പദ്ധതി തയ്യാറാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥൻ അംഗീകാരം നൽകിയാൽ മതിയെന്ന നിബന്ധന കൊണ്ടുവന്നതും പദ്ധതി രൂപീകരണ അംഗീകാര നടപടികൾ പൂർണ്ണമായും ഇലക്ട്രോണിക് സംവിധാനത്തിലാക്കിയതും

പദ്ധതി രൂപീകരണ അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതും സുതാര്യമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനെക്കുറിച്ചുള്ള പരാതികൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിയതിനുള്ള കേന്ദ്ര സർക്കാർ അംഗീകാരം കേരള സംസ്ഥാനത്തിന് ലഭിക്കാൻ കാരണമായത് സർക്കാരിന്റെ ഇപ്രകാരമുള്ള ചിട്ടയായ പ്രവർത്തനം മൂലമാണ്.

(ഡി) ബാധകമല്ല. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിലാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഈ അധികാര വികേന്ദ്രീകരണം എന്നാൽ നിലവിലുള്ള ഭരണകൂടത്തിന്റെ ജനാധിപത്യവത്ക്കരണമാണ്. അതുകൊണ്ട് നിലവിലുള്ള ഭരണകൂടത്തെക്കാൾ ജനാധിപത്യപരവും ജനകീയവുമായ ഭരണകൂടമാണ് ജനകീയാസൂത്രണത്തിലൂടെ താഴെത്തട്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡി.പി.സി., സാങ്കേതിക സമിതി, പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിലെ ജനകീയ സ്വഭാവങ്ങൾ

ഇല്ലാതാക്കിയ ശേഷം നടന്ന ഈ വർഷത്തെ പദ്ധതി അവലോകനത്തിൽ മൂന്നാം തട്ടിലെ ഭരണകൂടവും സർഗ്ഗാത്മകത നഷ്ടപ്പെട്ട് റെപ്രസെന്റേറ്റീവ് ഡെമോക്രസിയുടെ ഒരു പതിപ്പായി മാറി എന്ന ദാർശനിക പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുകൊണ്ടുതന്നെയാണ് ഇത്തവണത്തെ പദ്ധതി നിർവ്വഹണം വല്ലാതെ തകരാറായത് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാതലായ മാറ്റത്തെ മറികടക്കുവാൻ എന്തെല്ലാം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ഡോ. എം. കെ. മുനീർ : സർ, ദാർശനികമായി പറയുകയാണെങ്കിൽ ഇവിടെ അധികാര വികേന്ദ്രീകരണത്തിന്റെ യഥാർത്ഥ സത്ത ഉൾക്കൊണ്ടുകൊണ്ടാണ് പുതിയ മാറ്റങ്ങൾക്കു വിധേയമാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഇടത്തട്ടിൽ (TAG) ടാഗ് പോലുള്ള ചില ഉദ്യോഗസ്ഥർ, അതും അധികാരത്തിൽനിന്നും പോയ ഉദ്യോഗസ്ഥന്മാരുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് മോചിപ്പിക്കുകയും എല്ലാം താഴെത്തട്ടിലുള്ളവർക്ക് സൗകര്യപൂർവ്വം നിർവ്വഹിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തുകൊണ്ടാണ് ഇത്തരമൊരു മാറ്റങ്ങൾക്കു വിധേയമാക്കിയത്. ഈ മാറ്റങ്ങൾ വന്നതോടുകൂടി പഞ്ചായത്തുകൾക്ക് സ്വയം നിർണ്ണായക അവകാശങ്ങൾ തിരിച്ചുകിട്ടുകയും ചെയ്തു. ഇതു

തിരിച്ചുകൊണ്ടുപോകാനുള്ള ഒരു ശ്രമം പഞ്ചായത്തുകളിലുണ്ടായാൽ അതിനെ ആദ്യം എതിർക്കുന്നത് പഞ്ചായത്തുകൾതന്നെയായിരിക്കും. കാരണം പഞ്ചായത്തുകളോട് ഇതു വേണമോ പഴയതിലേയ്ക്ക് തിരിച്ചുപോകണമോ എന്നു ചോദിച്ചാൽ ഇടതുപക്ഷമോ, വലതുപക്ഷമോ, ഐക്യജനാധിപത്യ മുന്നണിയോ ഒന്നും നോക്കാതെ എല്ലാവരും ഇതു മാറ്റാൻ പാടില്ല എന്നുറച്ചു പറയുമെന്ന കാര്യത്തിൽ സംശയമില്ല. ഇതൊരു വെല്ലുവിളിയായി പറയാൻ ആഗ്രഹിക്കുകയാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ജനകീയാസൂത്രണത്തിൽ സംസ്ഥാന സർക്കാരിന് 40% തുക താഴെത്തട്ടിലേക്ക് നൽകുമ്പോൾ ഒരു പ്രധാനപ്പെട്ട ലക്ഷ്യമുണ്ടായിരുന്നു. Neo Liberal Policy യുടെ കാഴ്ചപ്പാടനുസരിച്ച് ഉൽപ്പാദന മേഖലയിൽ നിന്നും പിൻവലിയുന്ന കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങളെക്കാൾ കൂടുതൽ ഉൽപ്പാദന മേഖലയിൽ ഇടപെടുവാൻ WTO കരാറുമായൊന്നും ബന്ധപ്പെടാത്ത താഴെത്തട്ടിലെ ഭരണകൂടത്തിനു കഴിയും എന്ന രീതിയിലാണ്. പക്ഷേ ഈ വർഷത്തെ അവലോകനത്തിൽ ഉൽപ്പാദന മേഖലയിലെ നിക്ഷേപം, പ്രത്യേകിച്ച് കാർഷിക മേഖലയിലെ നിക്ഷേപം കുറഞ്ഞകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നത്തെ മറികടക്കുവാൻ തുടർന്ന് എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഡോ. എം. കെ മുനീർ: സർ, യഥാർത്ഥത്തിൽ പഞ്ചായത്തുകൾക്ക് കഴിഞ്ഞകാലത്തെ അപേക്ഷിച്ച് അവരുടെ സ്വാതന്ത്ര്യത്തിനനുസരിച്ച് ഉൽപ്പാദനമേഖലയിൽ കൂടുതൽ പണം ചെലവഴിക്കാനുള്ള മാർഗ്ഗനിർദ്ദേശമാണ് നൽകിയിട്ടുള്ളത്. മുമ്പ് മുപ്പത് ശതമാനമെന്നുപറഞ്ഞ് സെക്ടറലായി വച്ചിരുന്നത് മാറ്റി വേണമെങ്കിൽ 85 ശതമാനം വരെ ഉൽപ്പാദനമേഖലയിലേയ്ക്ക് തിരിയാൻ പഞ്ചായത്തുകൾക്ക് പ്രേരണ നൽകുന്ന രീതിയിൽ..... എന്തുകൊണ്ട് പഞ്ചായത്തുകൾ അത് ഏറ്റെടുക്കുന്നില്ല എന്നുള്ളത് നമ്മൾ പരിശോധിക്കണം. പഞ്ചായത്തുകൾക്ക് ഈ സൗകര്യം നൽകിയിട്ട് എന്തുകൊണ്ടാണ് ഇത് കുറയുന്നത്, അത് അങ്ങ് അങ്ങയുടെ പാർട്ടിയുമായി ബന്ധപ്പെട്ട പഞ്ചായത്തുകളോടു ചോദിക്കണം. 85 ശതമാനം സാധ്യതയുണ്ടായിട്ടും എന്തുകൊണ്ട് ഉൽപ്പാദനം കുറയുന്നു. ഇപ്പോഴും പഞ്ചായത്തുകൾക്ക് ഏറ്റവുമധികം ഇഷ്ടം ഇൻഫ്രാസ്ട്രക്ചർ ഉണ്ടാക്കുന്നതാണെന്നുള്ളതാണ്. യഥാർത്ഥത്തിൽ ഇത് താഴെത്തട്ടിലേയ്ക്ക് വൈകാരികമായി എത്തിക്കേണ്ട ഒരു വിഷയമാണ്. അത് സെക്ടറലാക്കി 30 ശതമാനമെന്ന് പറഞ്ഞുകൊണ്ട് മാറ്റത്തിരുത്തലുകൾ ഉണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നില്ല. അത് അവനവന്റെ മനസ്സിൽ ഉണ്ടാവുകയും ഉൽപ്പാദനമേഖലയിലേയ്ക്ക് ശ്രദ്ധതിരിക്കുകയും വേണം. സത്യത്തിൽ ആ രീതിയിൽ

എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ ഉൽപ്പാദനമേഖലയെ പ്രോത്സാഹിപ്പിക്കാൻ മറ്റു മാർഗ്ഗങ്ങൾ, അത് സെക്കുലറാക്കുക എന്നുള്ളതല്ല അതിന്റെ പോംവഴി, ......എങ്ങനെ ജനകീയത നഷ്ടപ്പെട്ടു; 85 ശതമാനം അവർക്ക് ചെയ്യാൻ പറ്റുമ്പോൾ ജനകീയമായ കൂട്ടായ്മയിലൂടെ അത് ഉണ്ടാക്കിയെടുക്കാനുള്ള സ്വാതന്ത്ര്യത്തെ എന്തുകൊണ്ട് താഴെത്തട്ടിൽ ശ്രദ്ധിക്കുന്നില്ല? അധികാര വികേന്ദ്രീകരണം എന്നു പറഞ്ഞാൽ വാർഡ് മെമ്പറിലേയ്ക്കെത്തുക എന്നുള്ളതല്ല, പുതിയ ഒരു സംവിധാനം ഞങ്ങൾ കൊണ്ടുവരുന്നത് അയൽക്കൂട്ടങ്ങൾ വഴി അയൽസഭകൾ ഉണ്ടാക്കാൻ തീരുമാനിക്കുകയെന്നുള്ളതാണ്. അതുകൊണ്ട് ജനങ്ങളിലേയ്ക്ക് യഥാർത്ഥത്തിൽ ഇത് എത്തിച്ചേരുമ്പോൾ കാർഷിക മേഖലയിലും ഉൽപ്പാദന മേഖലയിലും ജനപങ്കാളിത്തത്തോടുകൂടി കൂടുതൽ ശ്രദ്ധ ഉണ്ടാകും എന്ന രീതിയിലുള്ള മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിന്റെ മാറ്റങ്ങൾ അടുത്ത വർഷം പ്രതിഫലിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഗവൺമെന്റിന് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ഗവൺമെന്റ് ചെയ്യും. പക്ഷെ താഴെത്തട്ടിൽ വാർഡ് മെമ്പേഴ്സും മറ്റുള്ളവരും കൂടി ചെയ്യേണ്ട കാര്യം അത് രാഷ്ട്രീയ കക്ഷി ബന്ധങ്ങൾക്കപ്പുറം - ഇവിടെ അങ്ങ് പറയുമ്പോൾ അത് അങ്ങയുടെ താഴെത്തട്ടിലുള്ള പ്രവർത്തകർക്കും കൂടി ബാധകമാണ് എന്നുള്ളരീതിയിൽ ഒരു സ്വയം വിമർശനം കൂടി

ഉണ്ടാകണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: മിക്കവാറും എല്ലാ ബഹുമാന്യരായ അംഗങ്ങളും ഉപചോദ്യം ചോദിച്ചിട്ടുണ്ട്. അതുകൊണ്ട് ചോദ്യവും ഉത്തരവും അല്പം കൂടി ചുരുക്കണം.

ശ്രീ. എം. എ. ബേബി: സർ, ത്രിതലപഞ്ചായത്ത് സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ് പ്ലസ് ടു വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വിദ്യാഭ്യാസ രംഗം ത്രിതലപഞ്ചായത്ത് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലൊരു പ്രധാനപ്പെട്ട മേഖലയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള സ്കൂളുകളുടേയും ഗവൺമെന്റ് സഹായിക്കുന്ന എയ്ഡഡ് സ്കൂളുകളുടേയും ഗുണമേന്മ വർദ്ധിപ്പിക്കാൻ വേണ്ടി തനതുപദ്ധതികൾ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയും പങ്കാളിത്തത്തോടു കൂടിയും ആവിഷ്ക്കരിച്ച് നടപ്പാക്കി. ഇപ്പോൾ യാതൊരു മാനദണ്ഡവുമില്ലാതെ ആയിരക്കണക്കിന് അൺഎയ്ഡഡ് സ്കൂളുകൾ അനുവദിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യം ഉയർത്തുന്ന വെല്ലുവിളി അഭിസംബോധന ചെയ്യാൻ ത്രിതലപഞ്ചായത്ത് സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി തനതുപദ്ധതികൾ, സ്കൂളുകളുടെ ഗുണമേന്മ ഉയർത്താൻവേണ്ടി ആവിഷ്ക്കരിക്കുന്ന കാര്യം ഈ അവലോകനത്തിൽ ഉയർന്നു വന്നിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ

അത്തരത്തിൽ ആവിഷ്ക്കരിക്കാനാണ് ഗവൺമെന്റ് ത്രിതലപഞ്ചായത്ത് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഡോ. എം. കെ. മുനീർ: സർ, സർക്കാർ സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, ആ മേഖലയിൽ ഇപ്പോൾ പൂളിംഗ് നടത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സാധാരണ കോർപ്പറേഷൻ അല്ലെങ്കിൽ പഞ്ചായത്തുകളുടെ ഫണ്ടാണ് ഇതിനുപയോഗിക്കുന്നത്. അതിനു പുറമെ ഇത്തരം സർക്കാർ മേഖലയിലുള്ള സ്കൂളുകൾക്ക് എം.എൽ.എ./എം.പി. ഫണ്ട് പോലെയുള്ള എല്ലാ ഫണ്ടുകളും പൂൾ ചെയ്തുകൊണ്ട് ചെലവഴിക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിച്ചു. ബഹുമാനപ്പെട്ട മെമ്പറോട് അറിയിക്കാനുള്ളത്, മുമ്പുള്ളതിനെക്കാൾ സർക്കാർ സ്കൂളുകളിലേക്ക് പ്രവേശിക്കുന്നതിന് ആളുകളിപ്പോൾ കൂടുതൽ താല്പര്യം കാണിക്കുന്നത് അങ്ങ് പരിശോധിച്ചാൽ കാണാൻ സാധിക്കും. സർക്കാർ മേഖലയിൽ ഇതുവരെ കാണാത്തവിധത്തിലുള്ള ഒരുമാറ്റം ഉണ്ടായിരിക്കുന്നു. സർക്കാർ മേഖലയിലുള്ള സ്കൂളുകളെ അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നു എന്നത് ഏതുമേഖലയെടുത്തുനോക്കിയാലും കാണാൻ സാധിക്കും.

മി. സ്പീക്കർ : ഡോ. ടി. എം. തോമസ് ഐസക് , സീറ്റിലില്ല.

ശ്രീമതി. പി. അയിഷാ പോറ്റി: സർ, എസ്.സി/എസ്.ടി മേഖലയിലുള്ള പാവപ്പെട്ട ജനവിഭാഗങ്ങളെ സാമൂഹികമായും സാമ്പത്തികമായും ഉദ്ധരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ വേണ്ടത്ര ശ്രദ്ധിക്കാറില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കി, ഓരോ സ്ഥലത്തും അവരുടെ മുന്നേറ്റം കൂടി കണക്കാക്കുന്ന തരത്തിലുള്ള ഫലപ്രദമായ പദ്ധതികൾ നടപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഡോ. എം. കെ. മുനീർ: സർ, ഇപ്പോൾ മുമ്പ് ഉള്ളതിനെക്കാൾ കൂടുതൽ SCP/TSP ഫണ്ട് ചെലവഴിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ആ വിഭാഗത്തിൽപ്പെടുന്നവർക്ക് individual ആയി വീട്ടിൽ ആവശ്യത്തിനുള്ള പഠനോപകരണങ്ങൾ വാങ്ങാനും അവർ വിദേശത്തേയ്ക്ക് പോകുന്നുണ്ടെങ്കിൽ അതിനുള്ള ടിക്കറ്റിന്റെ ഫെയറും അതുപോലെതന്നെ അവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയിട്ടുള്ള സൗകര്യങ്ങളും ചെയ്യുന്നുണ്ട്. മുൻപ് ഈ ഫണ്ട് റോഡുകളുടെ പണികൾക്കായിരുന്ന ചെലവഴിച്ചുകൊണ്ടിരുന്നത്. മാത്രമല്ല എസ്.സി/എസ്.ടി ഫണ്ട് ഉപയോഗിച്ചു കൊണ്ട് കോളനിക്കകത്തുള്ള റോഡിന്റെ പേരിൽ പുറത്തുള്ള റോഡ് ഉണ്ടാക്കി മറ്റ് വിഭാഗങ്ങൾ അതിന്റെ ഗുണം

ആസ്വദിച്ചിരുന്നത് നിർത്തലാക്കി. ഇപ്പോൾ പുറത്തുള്ളവ വേണമെങ്കിൽ ജനറൽ ഫണ്ടിൽ ചെയ്യണമെന്നാണ്. കോളനിക്കകത്തുള്ള റോഡുകൾക്കാണ് മുൻഗണന കൊടുക്കേണ്ടതെന്നും ബാക്കി പണം എസ്.സി/എസ്.ടി ഗ്രൂപ്പിന് എന്നതിനുപകരം individual ആയിട്ടുള്ള ആളുകളെ കണ്ടെത്തി അവരുടെ വികസനത്തിന് ആവശ്യമാകുന്ന രീതിയിൽ മുഴുവൻ ഫണ്ടും ചെലവഴിക്കുന്നുണ്ട്. അതിന്റെ മാറ്റം നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. നമ്മൾ ഇന്ന് ചെയ്യുന്ന കാര്യത്തിന്റെ പ്രതിഫലനം പിറ്റേദിവസം കണ്ടുകൊള്ളണമെന്നില്ല. പക്ഷെ, വരുന്ന ഏതാനും നാളുകൾക്കുള്ളിൽ എസ്.സി/എസ്.ടി മേഖലയിൽ ഉണ്ടായിട്ടുള്ള വമ്പിച്ച മാറ്റങ്ങൾ പ്രതിഫലിക്കുമെന്നു തന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ പദ്ധതി നടപ്പാക്കുന്നതിൽ ഒരു ദാർശനിക പ്രശ്നവുമില്ല. ഇത് വളരെ ലളിതമായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ആണ്. നാല് ക്വാർട്ടറുകൾ ഒരു വർഷത്തിൽ ഉണ്ടായിരുന്നപ്പോൾ മൂന്ന് ക്വാർട്ടറുകൾ കഴിഞ്ഞ് ജനുവരി ആദ്യം മാത്രം പദ്ധതിയുടെ അംഗീകാരം കൊടുക്കുകയും, പഞ്ചായത്തുകൾക്ക് അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവസാനത്തെ മൂന്നുമാസം മാത്രം ഇത് നടപ്പാക്കാൻ സമയം കിട്ടുകയുമാണ് കഴിഞ്ഞ കാലങ്ങളിൽ ചെയ്തുകൊണ്ടിരുന്നത്. അവസാനം മാർച്ച് 31-ന് മുൻപ്

പേപ്പറിൽ മാത്രം അഡ്ജസ്റ്റ്മെന്റ് നടത്തി ഈ പണമൊന്നും ചെലവാക്കാതെ പോകുന്ന ഒരു സ്ഥിതി വിശേഷത്തിലായിരുന്നു. എന്നാലിപ്പോൾ അതിൽ കാതലായ മാറ്റം വരുത്തി പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യാൻ കഴിയാവുന്ന സ്ഥിതിയിലാണ്. എന്റെ ചോദ്യം, ഈ പ്രക്രിയകൾ മൂന്ന് മേഖലകളായിട്ടാണ്. ആസൂത്രണം, പദ്ധതി രൂപീകരണം, പദ്ധതി നടപ്പാക്കൽ- ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തലേവർഷം മുതൽ ആരംഭിച്ച് ഇതിൽ ഒരു സമയക്ലിപ്തത വരുത്തി, ഏപ്രിൽ-മേയ് മാസങ്ങളിൽ പദ്ധതി ആസൂത്രണവും പദ്ധതി രൂപീകരണവും പൂർത്തിയാക്കി, ജൂൺ - ജൂലൈ മാസങ്ങളിൽ അതിന്റെ പൂർണ്ണമായിട്ടുള്ള നടപടിക്രമങ്ങൾ, അതായത് ടെണ്ടർ നടപടിക്രമങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തിയാക്കുകയും ആ സാമ്പത്തിക വർഷത്തിൽ ബാക്കിയുള്ള ജൂലൈ/ഓഗസ്റ്റ് മുതൽ മാർച്ച് 31 വരെയുള്ള എട്ടുമാസക്കാലം പൂർണ്ണമായി പദ്ധതി നടപ്പാക്കലിനുവേണ്ടി മാറ്റിവയ്ക്കാൻ കഴിയാവുന്ന തരത്തിൽ ഇത് ക്ലിപ്തപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ഡോ. എം. കെ. മുനീർ</u>: സർ, അങ്ങയുടെ അറിവിലേയ്ക്ക് പറയുകയാണ്, അത് ക്ലിപ്തപ്പെടുത്തിക്കഴിഞ്ഞു. ഇപ്പോൾ തന്നെ ഡിസംബർ മുതൽ അവർക്ക് അടുത്ത വർഷത്തേയ്ക്കുള്ള പ്രോജക്ട് രൂപീകരിക്കാം. മാത്രമല്ല മാർച്ച് ആകുമ്പോഴേക്കും

അവർക്ക് ഫുൾ പ്രോജക്ട് രൂപീകരിച്ച് അടുത്ത ഏപ്രിൽ, മേയ്, ജൂൺ ആകുമ്പോൾ നിർവ്വഹണത്തിലേയ്ക്ക് കടക്കുകയും ഡിസംബർ ആകുമ്പോഴേക്കും പൂർണ്ണമായും പൂർത്തീകരിക്കാൻ പറ്റുന്ന രീതിയിൽ അത് തയ്യാറാക്കിക്കഴിഞ്ഞു. ചില സാങ്കേതിക കാരണങ്ങളാൽ വൈകുന്നുവെന്നുള്ളതല്ലാതെ എല്ലാവരും കൃത്യമായി അപ് ലോഡ് ചെയ്യുന്നുണ്ട്. ഇതെല്ലാം കമ്പ്യൂട്ടറൈസ്ഡാണ്. DPC അപ്രസക്തമാക്കിയെന്നു പറയുന്നത് ശരിയല്ല. DPC യുടെ അംഗീകാരത്തോടുകൂടി തന്നെയാണ് പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. കോ-ഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് ഏതെങ്കിലും വിഷയം വന്നാൽ DPC അംഗീകാരം ഉണ്ടോയെന്നാണ് ഞങ്ങൾ ആദ്യം ചോദിക്കുന്നത്. DPC അംഗീകാരമില്ലാതെ വരുന്നവ തിരിച്ച് DPC-യിലേയ്ക്ക് തന്നെ വിടുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ DPC യുടെ പ്രാധാന്യം വർദ്ധിപ്പിച്ചുകൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല ഇന്നത്തെ സ്ഥിതിയിൽ, പുതിയൊരു സംവിധാനത്തിൽ, ഫണ്ട് കൊടുക്കുന്നതു പോലും മാറ്റി. സാധാരണ മാർച്ച് അവസാനമാണ് അവസാന ഗഡു കൊടുക്കാറുള്ളത്. അതുമാറ്റി ഇപ്പോൾ മൂന്നുമാസമുള്ള മൂന്നു ക്വാർട്ടർ ആക്കിക്കൊണ്ട് നവംബർ ആകുമ്പോഴേക്കും ഫുൾ ഫണ്ട് അവരുടെ കൈയിൽ എത്തിയിരിക്കും. അപ്പോൾ അവർക്ക് ഡിസംബർ, ജനുവരി ആകുമ്പോഴേക്കും പ്രോജക്ട് കംപ്ലീറ്റ് പൂർത്തീകരിക്കാം. അതുമൂലം 31-ാം തീയതി ട്രഷറിയുടെ മുന്നിൽ

ബഹളമുണ്ടാക്കി, ആ ദിവസം രാത്രി വരെ ട്രഷറി തുറന്നുവയ്ക്കുന്ന അവസ്ഥയ്ക്കും മാറ്റം ഉണ്ടാകുന്നതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, രാജ്യത്താകെ തന്നെ കേരളത്തെ അഭിനന്ദിച്ച സംഭവമാണ് അധികാരവികേന്ദ്രീകരണം. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം, വാർഡിൽ കൂടുന്ന ജനങ്ങൾക്ക് ആ പ്രദേശത്ത് എന്തുവേണം, എന്തുവേണ്ട എന്നതീരുമാനിക്കാനുള്ള സാമ്പത്തികവും നയപരവുമായിട്ടുള്ള അഭിപ്രായം പറയാനുള്ള അധികാരം കിട്ടി എന്നുള്ളതാണ്. ഞാൻ ഭരണപക്ഷത്തെ കുറ്റപ്പെടുത്തുന്നതല്ല. കേരളത്തിലാകെ നടക്കുന്ന വാർഡ് സഭകൾ അങ്ങ് പരിശോധിച്ചുനോക്കിയാൽ പഞ്ചായത്തിലായാലും കോർപ്പറേഷനിലായാലും 25 മുതൽ 100 വരെയുള്ള ആൾക്കാർ മാത്രമാണ് അതിൽ പങ്കെടുക്കുന്നത്. വ്യക്തിഗത ആനുകൂല്യം ഇല്ലായെന്ന് പറഞ്ഞാൽ അപ്പോൾ തന്നെ ആൾക്കാർ പോകുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത് പേപ്പർ അഡ്ജസ്റ്റ്മെന്റ് മാത്രമാണ്. എന്നുമാത്രമല്ല ഇതിലെ നിശ്ചിതശതമാനം തുക ഇന്ന സെക്ടറിന് ചെലവഴിക്കണമെന്ന് പറഞ്ഞാൽ പലതും പ്രായോഗികമല്ല. ഉദാഹരണമായി പട്ടി

പിടുത്തം, ഗാർബേജ് ഡിസ്പോസൽ ഇത്തരം കാര്യങ്ങൾക്ക് ലാസ്റ്റ് ഇംപോർട്ടന്റ്സാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതൊക്കെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. അതുകൊണ്ട് സെക്ടറൽവൈസ് ഇത്രശതമാനം ചെലവഴിക്കണമെന്നുള്ള നിർദ്ദേശം മാറ്റി ഓരോ ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും അവിടത്തെ സാഹചര്യമനുസരിച്ച് ഫണ്ട് ചെലവഴിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നതിന് നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. 2,10,855 പ്രോജക്ടാണ് ഈ സാമ്പത്തിക വർഷം തയ്യാറാക്കിയത്. അതിന് 57.91 ശതമാനം തുക മാത്രമാണ് ചെലവായത്. ഭരണപക്ഷവും പ്രതിപക്ഷവും ഇക്കാര്യം വളരെ ഗൗരവമായി ആലോചിക്കണം. പഞ്ചായത്തു മെമ്പർമാർക്കും കോർപ്പറേഷൻ മെമ്പർമാർക്കും രാവിലെ മുതൽ വൈകുന്നേരം വരെ ഒരു ചെറിയ അലവൻസും വാങ്ങിക്കൊണ്ട് ഇത്രയും ഭാരിച്ച വർക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. ഈ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ ബഹുമാനപ്പെട്ട ഡോ.എം. കെ. മുനീർ, താത്വികമായ കുറെ വാക്കുകൾ ഉപയോഗിച്ചതുകൊണ്ടൊന്നും ഇത് വിജയിക്കാൻ പോകുന്നില്ലായെന്നുള്ള കാര്യംകൂടി അങ്ങ്

മനസ്സിലാക്കിയിരിക്കണം.

ഡോ. എം. കെ. മുനീർ: അങ്ങ് കാര്യങ്ങൾ ഒന്നുകൂടി വിശദമായി പരിശോധിക്കണം. സെക്ടറൽ ഇല്ലാതാക്കുകയാണ് ചെയ്തിട്ടുള്ളത്. ആകെ നിർബന്ധമുള്ളത് രണ്ടുകാര്യങ്ങൾക്ക് മാത്രമാണ്. സ്ത്രീകൾക്കുവേണ്ടിയുള്ള 10 ശതമാനവും, അംഗവൈകല്യമുള്ളവർക്കും മറ്റുമായിട്ടുള്ള 5 ശതമാനവും നീക്കിവയ്ക്കുന്നതിൽ മാത്രമാണ്. കൂടാതെ എസ്.സി.പി./ടി.എസ്.പി. ഫണ്ട്. ബാക്കിയുള്ള എല്ലാ പൈസയും, ഇഷ്ടമുള്ളതുപോലെ ഏതിനാണ് പ്രാധാന്യം കൊടുക്കേണ്ടത് എന്നുള്ള സ്വാതന്ത്ര്യം മുഴുവൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാറ്റിക്കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. .....എന്തുകൊണ്ട് നിങ്ങൾ നായ്ക്കളെ പിടിക്കുന്ന കാര്യം ചെയ്യുന്നില്ല. അവർക്ക് ആവശ്യമുള്ള പൈസ വിനിയോഗിക്കുന്നതിൽ നിയമ പ്രശ്നങ്ങളൊന്നുമില്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി.... പ്ലീസ്.... ബഹുമാനപ്പെട്ട മിനിസ്റ്റർ..... പ്ലീസ്...... ചോദ്യോത്തര സമയമാണ്. ഇതൊരു വാദപ്രതിവാദമാകരുത്.

ഡോ. എം. കെ. മുനീർ: അങ്ങ് തിരുവനന്തപുരം കോർപ്പറേഷൻ അധികാരികളോട് ചോദിക്കേണ്ടത് എന്തുകൊണ്ട് നിങ്ങൾ പട്ടിയെ പിടിക്കുന്നില്ല എന്നാണ്. പട്ടി പിടുത്തത്തിന് പൈസ മാറ്റി വയ്ക്കുന്നത് സെക്ടറൽ ആക്കാൻ പറ്റുമോ;

ഒരു ഹെഡ്ഡ് വച്ചുകൊണ്ട് പട്ടി പിടുത്തത്തിന് ഇത്രരൂപ ചെലവഴിക്കണം എന്ന് പറയാൻ പറ്റുമോ? ബാക്കി വരുന്ന 85 ശതമാനത്തിൽ പട്ടി പിടുത്തത്തിനോ, കോഴി വളർത്തലിനോ ആട്ടുവളർത്തലിനോ എന്തിനുവേണമെങ്കിലും ഉപയോഗിക്കാൻ സാധിക്കും. ഇത് താത്വികമല്ല. വളരെ ലളിതമായിട്ടുള്ള ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. അതുപോലെതന്നെ ഗ്രാമസഭകൾ വെറുതെ പ്രഹസനമാക്കുന്നത് ഇല്ലാതാക്കാൻ വേണ്ടി നമ്മൾ ഇപ്പോൾ ഗ്രാമ കേന്ദ്രങ്ങൾ തുടങ്ങി, അവിടെ സ്റ്റാഫിനെ നിയോഗിച്ച് അതിൽ കുടുംബശ്രീ പോലുള്ള എല്ലാ ഓർഗനൈസേഷനേയും കൊണ്ടുവന്ന് ഗ്രാമ സഭയിൽ നിശ്ചിത അറ്റൻഡൻസ് ഉണ്ടായിരിക്കണമെന്ന് തീരുമാനിക്കാൻ ഒരു പുതിയ മാർഗ്ഗനിർദ്ദേശം ഉണ്ടാക്കിയിരിക്കുന്നു. അതിനുപുറമെ ഗ്രാമ സഭയിൽ നിന്നു താഴോട്ട് അയൽപക്ക സഭകളുണ്ടാക്കി അയൽപക്ക സഭകളിൽ നിന്ന് ആളുകളെ തെരഞ്ഞെടുത്ത് അവർ നിർബന്ധമായും ഗ്രാമസഭയിൽ പങ്കെടുക്കണമെന്ന തീരുമാനം വന്നിരിക്കുന്നു. അടുത്ത കാലങ്ങളിൽ അങ്ങ് പരിശോധിച്ചാൽ കാണാൻ സാധിക്കും, ഗ്രാമസഭ ഫുൾ അറ്റൻഡൻസിലേയ്ക്ക് വരുന്ന ഒരു സിറ്റുവേഷൻ ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അത് വലിയൊരു നേട്ടമായി ഞങ്ങൾ കാണുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, താങ്കളുടെ ഡിപ്പാർട്ടുമെന്റ് ചെയ്യുന്ന ഗുരുതരമായ പ്രശ്നം ഇതൊക്കെ കമ്പ്യൂട്ടറൈസ്ഡ് ചെയ്യുന്ന എന്നുള്ളതാണ്. കാരണം കമ്പ്യൂട്ടർ കാണുമ്പോൾത്തന്നെ അടിച്ചുപൊളിക്കുന്ന ആളുകൾ നമ്മുടെ നാട്ടിൽ ജീവിക്കുമ്പോൾ കുറച്ചുകൂടി പ്രാകൃതമായ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് 2014-15 വേൾഡ് ബാങ്ക് ഫണ്ട്, 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട്, വികസന ഫണ്ടിന്റെ മൂന്ന് ഗഡുക്കൾ എന്നിവ 30.03.2015-ൽ മാത്രമാണ് ക്രെഡിറ്റ് ചെയ്യുന്നത്. എന്തുകൊണ്ടാണ് ഇതിനിത്ര താമസം നേരിട്ടത് എന്നുള്ളതാണ് എന്റെ ചോദ്യം?

<u>ഡോ. എം. കെ. മുനീർ</u>: സർ, വേൾഡ് ബാങ്ക് എഗ്രിമെന്റനുസരിച്ച് പഞ്ചായത്തുകളിലെ വാർഷിക പെർഫോമൻസ് അസസ്സ്മെന്റ് നടത്തിയതിനുശേഷം മാത്രമേ തുക നൽകാൻ കഴിയുകയുള്ളൂ. പെർഫോമൻസ് അസസ്സ്മെന്റ് നടത്തുന്നതിന് വേൾഡ് ബാങ്ക് നിബന്ധനയനുസരിച്ചുള്ള മാനദണ്ഡങ്ങൾ, ഓപ്പൺ ടെണ്ടർ രീതിയിൽ ഒരു സ്ഥാപനത്തെ നിശ്ചയിച്ച് അസസ്സ്മെന്റ് ടൂൾ ഡെവലപ്മെന്റ് ചെയ്യേണ്ടിയിരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനത്തിന് വേൾഡ് ബാങ്ക് അംഗീകാരമനുസരിച്ചുമാത്രമേ പ്രവൃത്തി ഏൽപ്പിക്കാൻ കഴിയുകയുള്ളൂ. ഇപ്രകാരം ഡെവലപ്മെന്റ് ചെയ്ത ടൂൾ ഉപയോഗിച്ച്

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് ടീമിന് പരിശീലനം നൽകി, അവരെ ഉപയോഗിച്ച് അസസ്സ്മെന്റ് നടത്തുകയുണ്ടായി. ഇതുമൂലം പെർഫോമൻസ് ഗ്രാന്റ് നൽകുന്നതിന് താമസമുണ്ടായിട്ടുണ്ട്. പഞ്ചായത്തുകൾക്ക് നൽകേണ്ട 7 ഗഡുക്കൾ നവംബർ മാസംവരെ കൃത്യമായി നൽകിയിരുന്നു. അപ്രകാരം നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലാത്തതിനാലാണ് 3 ഗഡുക്കൾ നൽകുന്നതിന് താമസം നേരിട്ടിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ആസൂത്രണത്തിലും നിർവ്വഹണത്തിലും ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള സാങ്കേതികവിദഗ്ദ്ധർ. എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട ആളുകളെ വർഷത്തിൽ രണ്ടോ മൂന്നോ തവണ സ്ഥലം മാറ്റി പല തദ്ദേശ ഭരണസ്ഥാപനങ്ങളുടേയും പദ്ധതി നിർവ്വഹണത്തിന് സാധ്യമാകാത്ത സാഹചര്യം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അതിനുപകരമായി ഒരു സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ നിയോഗിക്കപ്പെടുന്ന എഞ്ചിനീയർ ആ പഞ്ചായത്തിൽ നിലനിൽക്കും എന്നുറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, എഞ്ചിനീയർമാരില്ലാത്ത ഒരു കാലത്തുനിന്നും എഞ്ചിനീയർമാരുള്ള ഒരു കാലത്തേയ്ക്ക് നമ്മൾ മാറി. ഞങ്ങൾ അധികാരത്തിൽ

വന്നതിനുശേഷം ധാരാളം എഞ്ചിനീയർമാരുടെ തസ്തികകൾ പുതിയതായി സൃഷ്ടിക്കുകയും ഏകദേശം അറുന്നൂറോളം പഞ്ചായത്തുകളിൽ, ഒരു പഞ്ചായത്തിന് ഒരു എ.ഇ.- യെ ലഭിച്ചിരിക്കുന്നു. ബാക്കി വരുന്ന നാന്നൂറോളം പഞ്ചായത്തുകളിൽ രണ്ട് പഞ്ചായത്തുകൾക്ക് ഒരു എ.ഇ.-യെ കിട്ടിയിരിക്കുന്നു. ആറ് പഞ്ചായത്തുകൾക്ക് ഒരു എ.ഇ. ഉണ്ടായിരുന്ന അവസ്ഥ മാറിയിരിക്കുന്നു. അതുപോലെ നിരന്തരമായുള്ള ട്രാൻസ്ഫറുകൾ നടക്കുന്നില്ല. യഥാർത്ഥ പ്രശ്നം പി.എസ്.സി.-യിൽ നിന്നും വരുന്ന എ.ഇ.- മാരുടെ എണ്ണം കുറയുന്നതാണ്. അതിന് ഞങ്ങൾ എടുത്തിരിക്കുന്ന തീരുമാനം പഞ്ചായത്തുകൾക്ക് പി.എസ്.സി.-യിൽനിന്നും എ.ഇ.-മാർ വരുന്നതുവരെ പഞ്ചായത്തുകൾക്ക് വേണമെങ്കിൽ ആ പോസ്റ്റിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി എ.ഇ.-മാരെ നിയമിച്ച് അവരുടെ സേവനം ഉപയോഗപ്പെടുത്താം. അതുകൊണ്ട് എ.ഇ.-മാർ ഇല്ലായെന്ന കാരണത്താൽ പദ്ധതി നിർവ്വഹണം ഒരു കാരണവശാലും ഇല്ലാതാവുകയില്ല.

ശ്രീ. സി. എഫ്. തോമസ്: സർ, പട്ടികജാതി വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ അവരുടെ സാമ്പത്തിക സാമൂഹിക മുന്നേറ്റത്തിന് ഏറ്റവും വലിയ തടസ്സമാകുന്നു എന്നുള്ളത് നമ്മുടെ അനുഭവത്തിലുണ്ട്. അങ്ങ് എടുത്തിരിക്കുന്ന വിപ്ലവകരമായ തീരുമാനം, അതായത് അവർക്ക്

എൻട്രൻസ് കോച്ചിംഗിനുള്ള സാമ്പത്തിക സഹായം, പഠനത്തിനുവേണ്ടി വിദേശത്ത് പോകുന്നതിന് ടിക്കറ്റ് തരപ്പെടുത്തിക്കൊടുക്കുന്നതിനുള്ള സഹായം ഇതൊക്കെ വളരെ വലിയ മാറ്റങ്ങളാണ്. റിസൾട്ടാണ് വളരെ പ്രധാനം. താഴെക്കിടയിലുള്ള ആളുകളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ് യഥാർത്ഥ വികസനം. ആ നിലയിൽ അങ്ങ് സ്വീകരിച്ച ഈ നടപടികൾ ഒരു വിലയിരുത്തലിന് വിധേയമാക്കേണ്ടതായിട്ടുണ്ട്. ഈ തുക പഞ്ചായത്തുകൾ എത്രത്തോളം ചെലവഴിക്കുന്നുണ്ട്, അവരവരുടെ പ്രദേശങ്ങളിലുള്ള പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തികപരമായ അല്ലെങ്കിൽ വിദ്യാഭ്യാസപരമായ ഉയർച്ചയ്ക്കുവേണ്ടി ഇക്കാര്യങ്ങളൊക്കെ വേണ്ടരീതിയിൽ പ്രയോഗിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിച്ച് കൃത്യമായി തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. എം. കെ. മുനീർ</u>: സർ, പോപ്പുലേഷൻവൈസ് നോക്കാതെ ഇപ്പോൾ T.S.P/S.C.P ഫണ്ടുകൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ആവശ്യം അധികമായി വരാത്ത മേഖലകളുണ്ട്. പക്ഷേ ചില മേഖലകളിൽ ഇപ്പോഴുള്ളതിനെക്കാൾ കൂടുതൽ ഫണ്ട് ആവശ്യമുണ്ട്. ഡിമാന്റനുസരിച്ച് ഇതിനെ വീണ്ടും വികേന്ദ്രീകരിച്ച് കൊടുക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ചാണ്

അടുത്തഘട്ടമായി നമ്മൾ ആലോചിക്കുന്നത്. മാത്രമല്ല, പ്രതിപക്ഷ മെമ്പർമാർ ഉൾപ്പെടെയുള്ള അംഗങ്ങളോട് പറയാനുള്ളത്, അവർക്ക് എൻട്രൻസ് കോച്ചിംഗിനു വേണ്ടിയുള്ള തുക, പഠനവുമായി ബന്ധപ്പെട്ട് വിദേശത്തുപോകുന്നതിന് ഫ്ലൈറ്റ് ടിക്കറ്റിന് ആവശ്യമായ തുക നൽകാം എന്നിവ ഞങ്ങൾ കണ്ടെത്തിയതാണ്. ഇതിനുപുറമെ ഇനി എന്തെങ്കിലും നൂതനമായിട്ടുള്ള ആശയങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്നുണ്ടെങ്കിൽ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ഏത് നിർദ്ദേശമുണ്ടെങ്കിലും അത് മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി അവരെ മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിന് കൈകോർത്തുപിടിച്ച് നമുക്ക് മുന്നോട്ടുവരാം. അത്തരം നിർദ്ദേശങ്ങൾ പ്രതിപക്ഷത്തുനിന്നുള്ള മെമ്പർമാരിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നു. അതിനെ ഇരുകയ്യുംനീട്ടി സ്വാഗതം ചെയ്യാൻ തയ്യാറാണ് എന്നുപറയാൻകൂടി ഈ അവസരം വിനിയോഗിക്കുന്നു.

മി. സ്പീക്കർ: ഇതുവരെയും ചോദ്യം കിട്ടിയിട്ടില്ലാത്ത അംഗങ്ങൾക്കാണ് ചോദ്യം കൊടുക്കാൻ ശ്രമിക്കുന്നത്. ശ്രീ. ബി. സത്യൻ, നാലുദിവസം സഭ സമ്മേളിച്ചപ്പോൾ രണ്ടുദിവസം അങ്ങേയ്ക്ക് ചോദ്യം കിട്ടി.

ശ്രീമതി കെ. എസ്. സലീഖ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ

സൂചിപ്പിച്ചിട്ടുള്ളത് പാലിയേറ്റീവ് കെയർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന ആളുകൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്ന പദ്ധതികളൊക്കെ പരിഷ്കരണവുമായി ബന്ധപ്പെട്ട് നടപ്പാക്കി എന്നുപറയുമ്പോൾ, മാനസിക രോഗികളായിട്ടുള്ള നിരവധി ആളുകൾ പഞ്ചായത്തുകളിലുണ്ട്. അവർക്ക് ചികിത്സയ്ക്കുവേണ്ടി ഫണ്ട് വയ്ക്കാൻ ഇപ്പോൾ സാധ്യമാകുന്നില്ല. ആ രോഗികളുടെ ചികിത്സയ്ക്കാവശ്യമായ ഫണ്ട് കൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ചികിത്സയ്ക്കുവേണ്ടി കിലോമീറ്ററുകൾ യാത്ര ചെയ്ത് ജില്ലാ ഹോസ്പിറ്റലുകളിലേയ്ക്ക് ചികിത്സയ്ക്കുപോകുക എന്നത് അസാധ്യമായതിനാൽ അവരുടെ ചികിത്സ നടക്കാതെ പോവുകയാണ്. നേരത്തെ അതിന് സാധിച്ചിരുന്നു. മാനസികമായി വെല്ലുവിളി നേരിടുന്നവരുടെ ചികിത്സയ്ക്കായി ഫണ്ട് വയ്ക്കാൻ പഞ്ചായത്തുകൾക്ക് സാധിക്കുന്നില്ല. അതുപോലെ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനത്തിനുള്ള ഫണ്ട്, ഏറ്റവും പാവപ്പെട്ട ആളുകളാണ്. അവർക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്നുമാണ്. മരുന്നിന് ലിസ്റ്റ് കൊടുത്താൽപ്പോലും ലഭ്യമാകാത്ത അവസ്ഥ മാസങ്ങളായി നിലനിൽക്കുകയാണ്. പഞ്ചായത്തുകൾ ഫണ്ട് വയ്ക്കുന്നുണ്ട്. പക്ഷേ സമയബന്ധിതമായി മരുന്ന് ലഭ്യമാകുന്നില്ല. ഇതുമൂലം പാലിയേറ്റീവ് കെയറുകൾ വളരെ വലിയ പ്രയാസം നേരിട്ടുകൊണ്ടിരിക്കുകയാണ്.

പാലിയേറ്റീവ് കെയറിന്റെ പ്രാദേശികമായ പ്രവർത്തനങ്ങൾക്ക് മരുന്ന് ലഭ്യമാകാത്ത വിഷയം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഇടപെടേണ്ടതുണ്ട് എന്നാണ് പറയാനുള്ളത്.

ഡോ. എം. കെ. മുനീർ: സർ, പാലിയേറ്റീവ് കെയറിന് വളരെയധികം പ്രാധാന്യം കൊടുക്കുന്നുണ്ട്. പാലിയേറ്റീവ് കെയറുകളിൽ എവിടെയെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ പറഞ്ഞുകഴിഞ്ഞാൽ അത് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ മാറ്റി പാലിയേറ്റീവ് കെയറിനുള്ള ഫ്ലോ നല്ലരീതിയിൽ കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കാം. മരുന്ന് ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് ആരോഗ്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് കൃത്യമായി എത്തിക്കാം. ഇതുവരെ പാലിയേറ്റീവ് കെയറിൽ ആംബുലൻസ് വാങ്ങാനുള്ള നടപടി ഇല്ലായിരുന്നു. എന്നാലിപ്പോൾ പാലിയേറ്റീവ് കെയറുകളിൽ ആംബുലൻസ് വാങ്ങാം, പക്ഷേ പാലിയേറ്റീവ് കെയർ ഏതെങ്കിലും പി.എച്ച്.സി.-യുമായി ടൈ അപ് ചെയ്തിട്ടുണ്ടാകണം, ആംബുലൻസിന്റെ മെയിന്റനൻസ് പി.എച്ച്.സി. ഏറ്റെടുക്കണം എന്നിങ്ങനെ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിന് ആംബുലൻസ് മെയിന്റയിൻ ചെയ്യാൻ കഴിയില്ല. എന്നാലിപ്പോൾ പഞ്ചായത്തുകൾ റിക്വസ്റ്റുമായി വരുന്നുണ്ട്. റിക്വസ്റ്റ് ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷേ ആംബുലൻസിന്റെ മെയിന്റനൻസ്, ഡ്രൈവറുടെ കാര്യങ്ങൾ മുതലായവ

പി.എച്ച്.സി.-കൾ നോക്കണം. മാത്രമല്ല മറ്റ് യാത്രകൾക്കുവേണ്ടി ആംബുലൻസുകൾ ഉപയോഗിക്കുന്നതും ശരിയല്ല എന്നീ വ്യവസ്ഥകളോടുകൂടി ആംബുലൻസ് നൽകുന്ന ഒരു സ്കീം തുടങ്ങിയിട്ടുണ്ട്. കുറെ പഞ്ചായത്തുകൾ ആംബുലൻസ് വാങ്ങിയിട്ടുണ്ട്. പാലിയേറ്റീവ് കെയറിൽ അത് അവർക്ക് വലിയ ഗുണം ചെയ്യും.

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് നായ ശല്യം ഏറ്റവും വലിയ പ്രശ്നമായിരിക്കുകയാണ്. എല്ലാ സ്ഥലങ്ങളിലും നായശല്യം വളരെ രൂക്ഷമായിരിക്കുകയാണ്. കഴിഞ്ഞ ദിവസം എന്റെ നാട്ടിലെ ഒരു കുട്ടിയെ സ്കൂളിൽ നിന്ന് വരുന്ന വഴിക്ക് പട്ടി കടിച്ച് വളരെ ഗുരുതരമായൊരു സംഭവമുണ്ടായി. കഴിഞ്ഞ ദിവസം എറണാകുളം ജില്ലാ പഞ്ചായത്തിൽ അതിനെക്കുറിച്ചാലോചിക്കാനായി ഒരു മീറ്റിംഗ് വിളിച്ചപ്പോൾ, ഒരവതാരികയുടെ നേതൃത്വത്തിൽ കുറച്ചാളുകൾ വന്ന് പട്ടികളെ പിടിക്കാൻ പാടില്ലെന്നു പറഞ്ഞ് പ്രശ്നങ്ങളുണ്ടാക്കി. പട്ടികളോട് കൂടുതൽ സ്നേഹമുള്ളവരാണെങ്കിൽ അഞ്ചു പട്ടികളെ വീതം ദത്തെടുക്കാൻ തയ്യാറാകണം. അങ്ങനെയൊരു നിയമം കൊണ്ടുവന്ന് പട്ടികളെ ദത്തെടുക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? വലിയ വീരവാദം പറയുന്ന ആളുകൾ അഞ്ചു പട്ടികളെവീതം ദത്തെടുത്തോട്ടെ,

അപ്പോഴൊരു പ്രശ്നവുമില്ലല്ലോ? പട്ടിസ്നേഹം വളരെ കൂടുതലാണെങ്കിലും ആരും അതിന് തയ്യാറല്ല. സാധാരണക്കാർക്കാണ് നാട്ടിലിറങ്ങി നടക്കാൻ സാധിക്കാത്തത്. എനിക്ക് ചോദിക്കാനുള്ളത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നുണ്ടോ; അതുപോലെതന്നെ പഞ്ചായത്തുകളിൽ എ.ഇ., ഓവർസിയർ തുടങ്ങിയ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ഡോ. എം. കെ. മുനീർ:</u> സർ, എ.ഇ. മാരുടെ കാര്യം നേരത്തെ പറഞ്ഞതാണ്. പി.എസ്.സി.യിൽ നിന്ന് എ.ഇ.മാർ വരാത്തതുകൊണ്ടാണ് നിയമിക്കാൻ സാധിക്കാത്തത്. എ.ഇ. മാരുടെ കാര്യത്തിൽ ഒരുമാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതാണെന്ന് പി.എസ്.സി ചെയർമാൻ അറിയിച്ചിട്ടുണ്ട്. അതുവരെ വേണമെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് നിയമനം നടത്താം. അതിനാവശ്യമായ ഫണ്ട് കൊടുക്കുന്നത് പഞ്ചായത്തുകളാണ്. തുടർന്നും പഞ്ചായത്തുകൾക്ക് ചെയ്യാം. പട്ടിയെ ദത്തെടുക്കുന്ന കാര്യത്തിൽ അങ്ങ് തന്നെ അതിനു മാതൃകയായി മുന്നോട്ടുവരണമെന്നു കൂടി ഞാനഭ്യർത്ഥിക്കുകയാണ്. എല്ലാവർക്കും അതൊരു

പ്രചോദനമാകും.

ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുകയിൽ 45 മുതൽ 60% വരെ തുക മരാമത്ത് പണികൾക്കാണ് ചെലവഴിക്കുന്നത്. ഇത്രയും ഭീമമായ തുക ചെലവഴിക്കുന്നതിന് സുതാര്യത ഉറപ്പുവരുത്തണമെന്ന നിലയ്ക്കാണ് അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തികൊണ്ട് നവംബർ-14 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പക്ഷേ, ഇപ്പോൾ ഇതുസംബന്ധിച്ചൊരു കേസ് വന്നതിന്റെയടിസ്ഥാനത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഈ വർഷം കൂടി റിലാക്സ് ചെയ്ത് കൊടുത്തു. ആ കേസ് ഹിയർ ചെയ്യണമെന്നുള്ള ഒരു വിധി വന്നിട്ടുണ്ട്. അടുത്ത ആഴ്ച ഹിയറിംഗ് നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. ഈ വർഷം റിലാക്സ് ചെയ്ത് കൊടുക്കണമെന്നുള്ള ആഗ്രഹമുണ്ട്. അടുത്ത വർഷം മുതൽ ഇ-ടെണ്ടർ നിർബന്ധമാക്കുമെന്നുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. ഇ-ടെണ്ടറിന് എതിര് നിൽക്കുന്നത് ഗുണകരമല്ല. മരാമത്ത് പണികൾ ട്രാൻസ്പാരന്റാക്കുന്നതിനാണ് ഇ-ടെണ്ടർ മെക്കാനിസം കൊണ്ടുവന്നിട്ടുള്ളത്. ഈ വർഷം പണികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ലായെന്ന് എല്ലാ

പഞ്ചായത്തുകളും പറഞ്ഞതിന്റെയടിസ്ഥാനത്തിലാണ് ഇക്കാര്യം പുന:പരിശോധിച്ചത്. അടുത്തയാഴ്ച ഹിയർ ചെയ്ത് അതിനൊരു തീരുമാനമെടുക്കാം. അതേസമയം അടുത്ത വർഷം മുതൽ എല്ലാവരും ഇ-ടെണ്ടറിന് തയ്യാറായി നിൽക്കണമെന്ന് ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. ആർ. രാജേഷ്: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന പണം ഉപയോഗിച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ സഹായം ചെയ്തുകൊടുക്കുക എന്നതാണ് ഗവൺമെന്റിന്റെ കടമ. ഇത്തരത്തിലൊരു പരിഷ്കാരമേർപ്പെടുത്തിയത് സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായിട്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പഞ്ചായത്ത് തലത്തിൽ വാർഷിക പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇങ്ങനെ ഒരു ഓർഡർ ഇറക്കാതെ തന്നെ കഴിഞ്ഞ വർഷവും അത്തരത്തിൽതന്നെയാണ് നടക്കുന്നത്. സാധാരണയായി പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ പണം മുഴുവനായി വിനിയോഗിച്ചില്ലെങ്കിൽ ആ സ്പിൽ ഓവർ തുക ഡി.പി.സി. യിൽ വച്ച് അനുമതി കൊടുത്ത് അടുത്ത വർഷവും പ്രസ്തുത തുകതന്നെ വിനിയോഗിക്കുകയാണ്. അതിന് മാറ്റമുണ്ടാകുന്നില്ല. ഒരു സാമ്പത്തിക

പ്രതിസന്ധിയുടെ ഭാഗമായാണ് ഇത്തരമൊരു ഓർഡർ ഇറക്കിയിട്ടുള്ളത്. ഇത്തരം പരിഷ്കാരത്തോട് യോജിക്കാൻ കഴിയില്ല. ട്രഷറി ഡയറക്ടർ പത്തു ഗഡുക്കളായാണ് പ്ലാൻ ഫണ്ടിലേക്ക് പണം കൊടുക്കുന്നത്. നവംബർ മാസമായപ്പോഴേക്കും ഏഴു ഗഡുക്കൾ വിതരണം ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ സൂചിപ്പിച്ചു. ഒരു പഞ്ചായത്തിന്റെ വാർഷിക പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ട സ്ഥിതിയിൽ, അതിനാവശ്യമായ സഹായം ഗവൺമെന്റ് തന്നെ ചെയ്തുകൊടുക്കേണ്ട സാഹചര്യമുള്ളപ്പോൾ മാർച്ച് മാസം 24-നാണ് അവസാന മൂന്നു ഗഡു അനുവദിച്ചത്. എന്നാൽ വേണമെങ്കിൽ ഈ പണം മാറേണ്ടതില്ലാ എന്ന് ട്രഷറി ഡയറക്ടർ ഓർഡർ ഇറക്കുകയുണ്ടായി. ഇത്തരത്തിൽ ഒരു ഓർഡർ ഇറക്കുമ്പോൾ ഈ വർഷം പണികൾ പൂർത്തീകരിക്കേണ്ടതില്ല എന്ന സമീപനം പഞ്ചായത്തുകൾ സ്വീകരിക്കുകയാണ്. പഞ്ചായത്തുകളെക്കൊണ്ട് സമയബന്ധിതമായി ആ പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടിയാണ് എടുക്കേണ്ടത്. ഈ പരിഷ്കാരം അപക്വമാണ്. ഇത് പുനഃപരിശോധിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, യഥാർത്ഥത്തിൽ ഒരു ഗുഡ് പ്രാക്ടീസ്

എന്നു പറയുന്നത് പബ്ലിക്ക് അക്കൗണ്ടിലേക്ക് പണം മാറി കഴിഞ്ഞാൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അത് ചെലവായി എന്നാണ്. യഥാർത്ഥത്തിൽ അത് ചെലവായിക്കൊള്ളണമെന്നില്ല. മുഴുവനായി പഞ്ചായത്തുകൾക്ക് അത് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പക്ഷേ ഇത് പബ്ലിക്ക് അക്കൗണ്ടിലേക്ക് പോകുന്ന സമയത്ത് ചെലവായി എന്ന് ഗവൺമെന്റ് പറഞ്ഞുകഴിഞ്ഞാൽ അത് ചെലവായി എന്നു പറയുന്നതിനുവേണ്ടി മാത്രം ചെയ്യുന്ന ഒരു അടവാണ്. പക്ഷേ ആ തുകയെ ഇപ്പോൾ ആക്ച്വൽ ആക്കി മാറ്റിയിരിക്കുന്നു. ഇപ്പോൾ ബോറോയിംഗ് കപ്പാസിറ്റി വരെ പോകും. പബ്ലിക് അക്കൗണ്ടിൽ വന്നാൽ ഗവൺമെന്റിന് ബാദ്ധ്യതയായി മാറും. ആയിരം കോടി രൂപ കടമെടുക്കേണ്ട സാഹചര്യമുണ്ടായാൽ ഈ പബ്ലിക്ക് അക്കൗണ്ടിൽ ഇരുന്നൂറു കോടി ബാക്കി കിടപ്പുണ്ടെങ്കിൽ ബോറോയിംഗ് കപ്പാസിറ്റി എണ്ണൂറായി കുറയുകയാണ് ചെയ്യുന്നത്. ഈ സിസ്റ്റം യഥാർത്ഥത്തിൽ എല്ലാ പഞ്ചായത്തുകൾക്കും സ്വാഗതാർഹമായി മാറിയിട്ടുണ്ട്. അവർക്ക് പണം കിട്ടുന്നതിന് പ്രശ്നമില്ല. മുൻപ് വർഷാവസാനം അറുപതു ശതമാനം ഒഴിച്ച് ബാക്കിയുള്ളത് പഞ്ചായത്തുകൾക്ക് ക്യാരി ഓവർ ചെയ്യാം എന്നു പറഞ്ഞാൽ 55% ആക്കിയവർക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. പക്ഷേ

ഇപ്പോഴത്തെ തീരുമാനമനുസരിച്ച് എല്ലാ പണവും ക്യാരി ഓവർ ചെയ്യാം. പഞ്ചായത്തുകൾക്ക് മാർച്ച് 31-ന് ഏതെങ്കിലും തരത്തിൽ തുക ചെലവാക്കുന്നതിനുപകരം ക്യാരി ഓവർ എന്നു പറയുന്ന ഒരു വലിയ ബാരിയർ വച്ചുകൊണ്ട് പ്ലാൻ ചെയ്ത് ഒരു വർഷത്തിൽ ജനങ്ങൾക്ക് ഒരു ഉപകാരപ്രദമാകുന്ന രീതിയിൽ അവരുടെ വർക്ക് കൊണ്ടുപോകാം. ഒരുപക്ഷേ പണം മാറാൻ സാധിച്ചില്ലെങ്കിൽ മുഴുവൻ തുകയും ക്യാരി ഓവർ ചെയ്യാൻ സാധിക്കും. പഞ്ചായത്തുകളോട് അന്വേഷിച്ചാൽ മനസ്സിലാകും അവർ രണ്ടു കൈയും നീട്ടി സ്വാഗതം ചെയ്തിട്ടുള്ള ഒരു പരിഷ്കാരമാണിത്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ</u>: സർ, നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കുള്ള ഉത്തരം ചോദ്യം ചോദിക്കുന്നതിൽ ആദ്യത്തെ ആൾക്കുമാത്രമേ ലഭ്യമാക്കുന്നുള്ളൂ. ബാക്കിയുള്ളവർക്കുകൂടി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>മി. സ്പീക്കർ</u>: വേണമെങ്കിൽ പ്രസ്തുത ചോദ്യം ചോദിക്കുന്ന എല്ലാവർക്കും അതിന്റെ ഉത്തരം ലഭ്യമാക്കാനുള്ള ഏർപ്പാടുണ്ടാക്കാം.

## റബ്ബർ സംഭരണം

(*122) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ സംഭരണ നടപടികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) സംഭരണ പദ്ധതികളുടെ പ്രഖ്യാപിത ലക്ഷ്യം നേടാനായോയെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(സി) സർക്കാരിന്റെ നിലവിലുള്ള സംഭരണ നടപടികളിലൂടെ റബ്ബർ വില എത്രത്തോളം പിടിച്ചു നിർത്താൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) റബ്ബർ സംഭരണ പദ്ധതികൾക്കായി ഈ സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനനൻ) :

(എ) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ സർക്കാർ ഉത്തരവ് നമ്പർ 56/2014/കൃഷി തീയതി 25.02.2014 പ്രകാരം റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്.4 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരണ ഏജൻസികളായ റബ്ബർമാർക്കും മാർക്കറ്റ് ഫെഡും സംഭരിച്ചിട്ടുണ്ട്. തുടർന്ന് സർക്കാർ ഉത്തരവ് (എം.എസ്) നം. 232/2014/കൃഷി തീയതി 13.10.2014 പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം ആരംഭിച്ചു. സ.ഉ (എം.എസ്.)നം.254/2014/കൃഷി തീയതി 06.11.2014 പ്രകാരം കർഷകരിൽ നിന്നും, റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ് 4, ആർ.എസ്.എസ്.5 ഗ്രേഡിലുള്ള റബ്ബർ സംഭരണം നടത്തുന്നു.

(ബി) സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിലേയ്ക്കായി റബ്ബർ സംഭരണം നടത്തി കർഷകരെ പരമാവധി സഹായിക്കുന്നതിനാണ് സംഭരണ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

റബ്ബർ സംഭരണ പദ്ധതിയിലൂടെ ഒരു പരിധിവരെ റബ്ബർ കർഷകർക്ക് വർദ്ധിച്ച വില ലഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2014 ഡിസംബർ മാസം വരെ 1227.32 ടൺ റബ്ബർ, റബ്ബർമാർക്കും, മാർക്കറ്റ് ഫെഡും സംഭരിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള റബ്ബർ സംഭരണ പദ്ധതി പ്രകാരം, റബ്ബറിന്റെ വിപണി വില കിലോഗ്രാമിന് 171 രൂപയാകുന്നതുവരെ സംഭരണം തുടരുന്നതാണ്.

(ഡി) റബ്ബർ സംഭരിക്കുന്നതിന് സംഭരണ ഏജൻസികൾക്ക് കൈകാര്യ ചെലവ് നൽകുന്നതിനായി കൃഷി വകുപ്പിന്റെ വിഹിതമായ നാലുകോടി രൂപ വില സ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 2013-14-ൽ സഹകരണസംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. 2014-15-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപ്പെടൽ പദ്ധതി പ്രകാരം ആറു കോടി രൂപ വീതം റബ്ബർ മാർക്കിനും മാർക്കറ്റ് ഫെഡിനും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇങ്ങനെ ആകെ പതിനാറുകോടി രൂപയാണ് റബ്ബർ സംഭരണത്തിനായി കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുള്ളത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കഴിഞ്ഞ മൂന്നുവർഷമായി പന്ത്രണ്ട് ലക്ഷത്തിലധികം റബ്ബർ കൃഷിക്കാരും ഇരുപതുലക്ഷത്തിലധികം വരുന്ന

ടാപ്പിംഗ് തൊഴിലാളികളും കൊടും പട്ടിണിയിലാണ്. മഹത്തായ മൂന്ന് പ്രഖ്യാപനങ്ങൾക്ക് സംഭരണം നടപ്പാക്കികഴിഞ്ഞു. ഇപ്പോൾ നാലാം പ്രഖ്യാപനമാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിനും അസംബ്ലി തെരഞ്ഞെടുപ്പിനും മുമ്പുള്ള ഒരു പ്രഖ്യാപനമായി ദയവുചെയ്ത് ഇതിനെ മാറ്റരുത് എന്നാണ് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. ആർ.പി.എസ്. എല്ലായിടത്തുമില്ലായെന്ന കാരണത്താൽ ഇപ്പോഴത്തെ നാലാം പ്രഖ്യാപനത്തിൽ കൃഷിഭവൻ മുഖേന രജിസ്റ്റർ ചെയ്യാനുള്ള നടപടി ആരംഭിക്കുമോ; രണ്ടുലക്ഷം രൂപയ്ക്ക് ലോട്ട് ഷീറ്റ് സംഭരിക്കുന്നതിനുള്ള നടപടികൂടി ഇക്കൂട്ടത്തിൽ സ്വീകരിക്കുമോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ഓൺലൈൻ രജിസ്ട്രേഷനാവശ്യമായ അപേക്ഷാഫോറം റബ്ബർ ബോർഡിൽ രൂപകൽപ്പനചെയ്ത് അച്ചടിച്ച് നൽകികൊണ്ട് ആർ.പി.എസ്. മുഖേന സംഭരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ നടപടികൾ ആർ.പി.എസ്. മുഖേന മാത്രമേ സാധിക്കുകയുള്ളൂ, കൃഷിഭവൻ മുഖേന സാധ്യമല്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഇരുപത് ലക്ഷത്തോളം ടാപ്പിംഗ് തൊഴിലാളികൾ പട്ടിണിയിലാണ്. അവർക്കനുകൂലമായ ഒരു നടപടിയും

ഇതുവരെ സർക്കാർ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് മറ്റുമേഖലകളിൽ നൽകുന്നതുപോലെയുള്ള സൗജന്യ റേഷനും ഇൻസെന്റീവും ഇവർക്കുകൂടി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളി നേതാക്കന്മാരുമായും മുതലാളിമാരുമായി ചർച്ചകൾ നടത്തി ഒരു തീരുമാനമെടുക്കേണ്ട വിഷയമാണ്. കാരണം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. തൊഴിലാളികളാണ് ഇപ്പോൾ കൂടുതലായി ഇതിന്റെ ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇപ്പോൾ 10 ലക്ഷം ടൺവരെ റബ്ബർ ഉൽപ്പാദിപ്പിക്കാനുള്ള ശേഷി കേരളത്തിനുണ്ട്. 2011-12-ൽ 9.5 ലക്ഷം ടൺ റബ്ബർ കേരളത്തിലെ കൃഷിക്കാർ ഉൽപ്പാദിപ്പിച്ചു. ആ കാലഘട്ടത്തിൽ റബ്ബറിന് നല്ല വിലയുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതി, റബ്ബർ കൃഷിക്കാർ റബ്ബർ വെട്ടുന്നില്ല. അതിന്റെ ഫലമായി, ഏതാണ്ട് 5 ലക്ഷം ടൺ റബ്ബർ മാത്രമേ ഇപ്പോൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളൂ. എന്നാൽ റബ്ബർ ബോർഡിന്റെ കണക്ക് പ്രകാരം അത് 6 ലക്ഷം ടണ്ണാണ്. റബ്ബറിന് രണ്ടുരൂപ, അഞ്ചുരൂപാ കൂടുതൽ കൊടുത്തുകൊണ്ട് റബ്ബർ എടുക്കുമെന്നുള്ള പല പദ്ധതികളും

ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. റബ്ബർ ബോർഡ് വ്യവസായികളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ വില അഡ്ജസ്റ്റ് ചെയ്തുകൊടുക്കുമെന്നും പറഞ്ഞു. ഇതൊന്നും മാർക്കറ്റിൽ റബ്ബറിന്റെ വില കൂട്ടിയില്ല. ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന ഈ പദ്ധതി കൃത്യമായും നടപ്പാക്കിയാൽ റബ്ബർ കർഷകർക്ക് വലിയൊരു ആശ്വാസമാകുകയും കേരളത്തിൽ റബ്ബർ ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്യും. ഇവിടെ ലഭ്യമാക്കിയിരിക്കുന്ന ഉത്തരത്തിൽ പറയുന്നത് 171 രൂപ ആകുന്നതുവരെ റബ്ബർ സംഭരിക്കുമെന്നാണ്. ഇപ്പോൾ വില പ്രഖ്യാപിച്ചിട്ടുള്ളത് 150 രൂപയാണ്. ഇതിൽ ഏതാണ് ഗവൺമെന്റിന്റെ നയം; 171 രൂപ ആകുന്നതുവരെ റബ്ബർ സംഭരിക്കുക എന്നുപറഞ്ഞാൽ അതിനർത്ഥം 171 രൂപ നിരക്കിൽ കർഷകർക്ക് കൊടുക്കണമെന്നാണ്. അങ്ങനെ വരുമ്പോൾ 150 രൂപ എന്നുള്ളത് 171 രൂപയായി വർദ്ധിപ്പിക്കണം. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള റബ്ബർ സംഭരണ പദ്ധതി എന്നുമുതൽ, എങ്ങനെ, എപ്പോൾ, ഏതുവിധത്തിൽ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, 150 രൂപയാക്കികൊണ്ട് തീരുമാനമെടുക്കുകയും ഇന്നുമുതൽ റബ്ബർ സംഭരണമുണ്ടാകുകയും അത് കർഷകർക്ക് നേരിട്ട് ബാങ്ക് അക്കൗണ്ട് വഴി നൽകാനുള്ള നടപടികളും

ആരംഭിച്ചിട്ടുണ്ട്. ഇതിനായി എൻ.ഐ.സി.-യുടെ മേൽനോട്ടത്തിൽ വിപുലമായ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, റബ്ബർ കർഷക മേഖലയിൽ കേരളത്തിലെമ്പാടും കേരള കർഷകസംഘം ഉൾപ്പെടെയുള്ള നിരവധി പ്രസ്ഥാനങ്ങൾ, അനേകം പ്രക്ഷോഭസമരങ്ങൾ, പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും സർക്കാരിന്റെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകാൻ കഠിനപരിശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്രയും ഗുരുതരമായൊരു പ്രശ്നത്തിൽ, ഇതുവരെ കേരളത്തിലെ കർഷകപ്രതിനിധികളെ വിളിച്ച് ചർച്ച നടത്താനോ ഈ വിഷയം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോ സർക്കാർ തയ്യാറായിട്ടില്ല. അതുകൊണ്ട് അടിയന്തരമായി, ഈ വിഷയം ചർച്ച ചെയ്യാൻ കേരളത്തിലെ കർഷക സംഘടനാപ്രതിനിധികളെയും ഈ മേഖലയിലെ വിദഗ്ദ്ധരായ ആളുകളെയും പങ്കെടുപ്പിച്ചുകൊണ്ട് റബ്ബർ സംഭരണം ഫലപ്രദമായ രീതിയിൽ നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതാണ് ഞാൻ ശ്രീ. കെ. സുരേഷ് കുറുപ്പ്

ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. തൊഴിലാളി നേതാക്കന്മാർ, കർഷകർ, അതോടൊപ്പം മാർക്കറ്റ്ഫെഡ്, റബ്ബർ ബോർഡ് എന്നീ സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു യോഗം വിളിച്ചുചേർക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, കേരളത്തിലെ 12 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകർക്കും ടാപ്പിംഗ് തൊഴിലാളികൾക്കും അതോടൊപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും ഏറെ സഹായകരമാകുന്ന നിലയിൽ ഒരു കിലോ റബ്ബിന് 150 രൂപ ലഭിക്കുന്ന രീതിയിൽ വില സബ്സിഡി നൽകുന്നതിന് ഇന്നലെയൊരു തീരുമാനം സംസ്ഥാന ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. ഇത് കർഷകർക്ക് ഏറെ ആശ്വാസകരമാകുന്ന ഒന്നാണ്. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും കൂടി സംയുക്തമായാണ് ഇത്തരത്തിലുള്ള പ്രവർത്തനത്തിൽ ഏർപ്പെടാൻ തീരുമാനിച്ചത്. ഇതുപ്രകാരം റബ്ബർ ഉൽപ്പാദക സംഘത്തിൽ പേര് രജിസ്റ്റർ ചെയ്ത് റബ്ബർ ബോർഡ് ഫീൽഡ് ഓഫീസർ കൗണ്ടർസൈൻ ചെയ്യുന്ന ആളുകൾക്കാണ് ഇതിനുള്ള അർഹതയുള്ളത്. റബ്ബർ ഉൽപ്പാദക സംഘങ്ങൾ എല്ലാസ്ഥലത്തുമില്ല

എന്നുള്ളതും റബ്ബർ ഉൽപ്പാദക സംഘത്തിൽ എല്ലാ കർഷകരും പേര് രജിസ്റ്റർ ചെയ്തിട്ടില്ല എന്നുള്ളതും ഒരു ചെറിയ ന്യൂനതയാണ്. അതുകൊണ്ട് റബ്ബർ ബോർഡിൽനിന്ന് പ്ലാന്റേഷൻ സർട്ടിഫിക്കറ്റ് വാങ്ങുന്നവർക്ക് ഈ സബ്സിഡി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം കഴിഞ്ഞ കുറെ നാളുകളായി റബ്ബർ ബോർഡ് ineffective ആണ്. കുറെ നാളുകളായി അവിടെ സ്ഥിരം ചെയർമാനെ നിയമിക്കുകയോ, റബ്ബർ ബോർഡ് പുന:സംഘടിപ്പിക്കുകയോ ചെയ്തിട്ടില്ല. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കൃഷി വകുപ്പുമന്ത്രി, തൊഴിൽവകുപ്പുമന്ത്രി അടക്കമുള്ളവർ ഡൽഹിയിൽ പോയപ്പോൾ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനും റബ്ബർ ബോർഡ് ശക്തിപ്പെടുത്തുന്നതിനും ഒപ്പം അതിന്റെ മറ്റുനടപടിക്രമങ്ങളിലേക്ക് കടക്കുമ്പോൾ റബ്ബർ ബോർഡിന്റെ സഹായങ്ങൾ ഈ മേഖലയ്ക്ക് ലഭിക്കുന്നതിനുമായി ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ടുള്ള

ഒരു പ്രശ്നമെന്ന് പറയുന്നത് - 2002-ലെ SARFAESI Act പ്രകാരം ഇത് കൃഷിയായി അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് അതിനുവേണ്ടിയുള്ള അഫിഡവിറ്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. അത് പൂർത്തീകരിച്ചാൽമാത്രമേ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ റബ്ബർ ബോർഡ് മുൻകയ്യെടുക്കണം. ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെയും ഇക്കാര്യങ്ങൾ ധരിപ്പിച്ചിട്ടുണ്ട്. അതിനൊരു തീരുമാനമാകുന്ന മുറയ്ക്ക് നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, റബ്ബർ സംഭരണ പദ്ധതിപ്രകാരം രണ്ട് ഹെക്ടറിൽ താഴെയുള്ള റബ്ബർ കർഷകർക്ക് ഒരു നിശ്ചിത അളവിൽ റബ്ബർ സംഭരിക്കാമെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. കഴിഞ്ഞ കുറേ മാസങ്ങളായി കർഷകരുടെ കയ്യിൽ കെട്ടിക്കിടക്കുന്ന റബ്ബറിനെ സംബന്ധിച്ചൊരു തീരുമാനമുണ്ടാകണം. അതിനേക്കാൾ പ്രധാനപ്പെട്ട ഒരു വിഷയം, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ കൈവശം ശ്രീ. കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച ഒരു കാർഷിക നയത്തിന്റെ കരട് രേഖയുണ്ട്. അസംസ്കൃത പദാർത്ഥങ്ങൾക്ക് വില കുറയുമ്പോൾ

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും വില കുറയുകയാണെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞത്. എന്നാൽ റബ്ബറിന്റെ കാര്യത്തിൽ അങ്ങനെയല്ല. റബ്ബറിന് വിലയിടിഞ്ഞപ്പോഴും റബ്ബർ ഒരു അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന ടയറിന് വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ കൈവശമിരിക്കുന്ന കാർഷിക കരട് നയത്തിലെ പ്രധാനപ്പെട്ട നിർദ്ദേശം കാർഷിക ഉൽപ്പന്നങ്ങളെ അസംസ്കൃത പദാർത്ഥമാക്കി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഉൽപ്പാദകരുടെ ലാഭത്തിന്റെ ഒരു വിഹിതം അസംസ്കൃത പദാർത്ഥമുണ്ടാക്കുന്ന കർഷകന് കൊടുക്കാൻ തക്കവണ്ണം ഒരു ഇൻകം ഗ്യാരന്റി ആക്ട് ഈ സംസ്ഥാനത്ത് കൊണ്ടുവരണം. ആ നിർദ്ദേശം നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ; ആ നിർദ്ദേശം സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, നയം അംഗീകരിക്കുകയും അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. എന്നാൽ ഒറ്റയടിക്ക് ഇത് സാദ്ധ്യമാക്കാൻ കഴിയില്ല. കുറേക്കൂടി ടെക്നിക്കലായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് വരികയാണ്. ഇതിന്റെ ലാഭാവകാശമാണ് ഗവൺമെന്റ്

ഉദ്ദേശിക്കുന്നത്. ഒരു കിലോ റബ്ബറിന്റെ വില 100 രൂപ ആണെങ്കിൽ ഉൽപ്പാദനച്ചെലവ് അതിന്റെ 50 ശതമാനംകൂടി ചെലവഴിച്ചുകൊണ്ട് ഒരു റബ്ബർ ഉൽപ്പാദകന് വിലസ്ഥിരത ഉറപ്പാക്കുകയും അതിൽനിന്നുണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നത്തിൽനിന്ന് ലഭിക്കുന്ന ലാഭത്തിൽനിന്നും കിട്ടുന്ന ഒരു അവകാശം കർഷകന് ലഭിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനെക്കുറിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. ഒന്നുരണ്ടു മാസങ്ങൾ കൊണ്ട് പൂർത്തീകരണത്തിലേയ്ക്കെത്തുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് ആശ്വാസം നൽകുവാൻ ഗവൺമെന്റ് മുഖ്യമന്ത്രിയുടെയും, ധനകാര്യമന്ത്രിയുടെയും, കൃഷിമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ ചർച്ചകൾ നടത്തി ആവശ്യമായ നടപടി സ്വീകരിച്ചിരിക്കുകയാണ്. നേരത്തെ റബ്ബർ സംഭരണം ഫലപ്രദമാകാതിരുന്നത് കൃഷിക്കാരിൽനിന്ന് റബ്ബർ സംഭരിക്കാൻ കഴിയാതെ വന്നതുകൊണ്ടാണ്. 150 രൂപ വിലസ്ഥിരത ഉറപ്പാക്കാൻ ഗവൺമെന്റ് എടുത്ത തീരുമാനം യഥാർത്ഥ കർഷകന്റെ കൈയ്യിൽ എത്തുന്ന വിധത്തിൽ നടപടി സ്വീകരിക്കും എന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ച മറുപടി. വ്യവസായികളോ മറ്റ് സ്ഥാപിതതാത്പര്യക്കാരോ ഇതിന്റെ ആനുകൂല്യം

തട്ടിയെടുക്കാൻ ഇടവരുത്താതെ ശ്രദ്ധിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; കർഷകന് 150 രൂപ ഉറപ്പ് വരുത്തി യഥാർത്ഥ റബ്ബർകർഷകന്റെ കൈയിൽ ആ പണം എത്തിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടി ഉറപ്പുവരുത്തുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഇതൊക്കെ ആലോചിച്ച് തീരുമാനമെടുക്കാൻ ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. Government are pleased to constitute a committee with following members to study the issues prevailing in the rubber plantation sector in the State and submit a report on measures to be adopted to rejuvenate the sector. ശ്രീ. ജോസ് കെ. മാണി അടക്കമുള്ള എം.പി മാരെ ഉൾപ്പെടുത്തിക്കൊണ്ട് ഏകദേശം 15 അംഗങ്ങളുള്ള കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്. ആ കമ്മിറ്റി പരിശോധിച്ചുകൊണ്ട് ഇതിന്റെ മറ്റു നടപടികളുമായി മുന്നോട്ടു പോകുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, റബ്ബറിന്റെ വിലയിടിവ് കേരള സമൂഹത്തിലുണ്ടാക്കിയിട്ടുള്ള പ്രശ്നങ്ങൾ വളരെ വലുതാണ്. എന്റെ മണ്ഡലത്തിൽ ഒരു ചെറുകിട റബ്ബർ കൃഷിക്കാരൻ ആത്മഹത്യയ്ക്കൊരുങ്ങി. ബാങ്കിൽ നിന്നും കടമെടുത്താണ് അദ്ദേഹം കൃഷി നടത്തിയിരുന്നത്. ആ കടം

തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജപ്തിനോട്ടീസ് വന്നതുകൊണ്ടാണ് അദ്ദേഹം ആത്മഹത്യയ്ക്ക് ശ്രമിച്ചത്. പക്ഷേ തക്ക സമയത്ത് ആളുകൾ കണ്ടതുകൊണ്ട് അദ്ദേഹം രക്ഷപ്പെട്ടു. ചെറുകിട റബ്ബർ കൃഷിക്കാർ ബാങ്കിൽ നിന്ന് എടുത്ത കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, അത് പരിശോധിച്ച ചെയ്യേണ്ടതാണ്. കടമെടുത്തതിന്റെ കാര്യങ്ങളെക്കുറിച്ച് പരിശോധിച്ച തന്നെയാണ് ചെയ്തുവരുന്നത്. യഥാർത്ഥത്തിൽ കൃഷിക്ക വേണ്ടിയാണ് കടമെടുത്തതെങ്കിൽ അതിനുതക്കതായ ആശ്വാസ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, റബ്ബറിന് 150 രൂപ വില ഉറപ്പുവരുത്തുന്നതിനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. 300 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഇത് കേരളത്തിലെ റബ്ബർ കർഷകർക്ക് വലിയ ആശ്വാസമാണ്. കഴിഞ്ഞ രണ്ടുതവണയും രണ്ടും അഞ്ചും രൂപയായി മാർക്കറ്റിൽ വില വർദ്ധിപ്പിക്കാനുള്ള ചില പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. അന്ന് അതിന്റെ പ്രയോജനം വ്യാപാരികൾക്കാണ് കിട്ടിയത്. ഇത് വളരെ നല്ല

രീതിയിലാണ് പ്ലാൻ ചെയ്തിരിക്കുന്നത്. RPS-കളിൽ രജിസ്റ്റർ ചെയ്യുന്ന റബ്ബർ ബോർഡുമായി ചേർന്നുള്ള യഥാർത്ഥ കർഷകരിലേയ്ക്ക് നേരിട്ടു കിട്ടുവാൻ ബാങ്ക് അക്കൗണ്ടുവഴി കിട്ടത്തക്കരീതിയിലാണ് അറേഞ്ച് ചെയ്തിരിക്കുന്നത്. ഇതിൽ പിഴവുകൾ വരാതിരിക്കാനുള്ള പ്രത്യേകമായ ശ്രദ്ധയുണ്ടാകണം. വ്യാപാരികൾ അവരുടെ കൈയിലിരിക്കുന്ന സ്റ്റോക്ക് വിറ്റ് തീർക്കാനുള്ള മാർഗ്ഗം തേടുന്ന എന്തെങ്കിലും പഴുതുകൾ ഇതിലുണ്ടെങ്കിൽ അവ പൂർണ്ണമായും അടയ്ക്കാനും 150 രൂപ കർഷകന്റെ കൈയിൽ നേരിട്ട് കിട്ടത്തക്ക രീതിയിൽ എന്തെങ്കിലും അറേഞ്ച്മെന്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമോ?

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ യഥാർത്ഥത്തിൽ 2 ഹെക്ടർ വരെയുള്ള ചെറുകിട കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കാൻ വേണ്ടിയാണ് 150 രൂപ പദ്ധതി ഇന്ന് മുതൽ നടപ്പിലാക്കാൻ ആലോചിക്കുന്നത്. ഹെക്ടർ ഒന്നിന് പരമാവധി 1800 കിലോ റബ്ബറിനാണ് ആനുകൂല്യം ലഭിക്കുന്നത്. റബ്ബർ ഉത്പാദകസംഘങ്ങളിൽ രജിസ്റ്റർ ചെയ്തവർക്കായിരിക്കും ഇതിന് അർഹതയുണ്ടായിരിക്കുക. രജിസ്റ്റർ ചെയ്തിട്ടുണ്ടോ യെന്ന് അന്വേഷിക്കുന്നതിന് ഒരു ഏജൻസി തന്നെയുണ്ട്. ആ

ഏജൻസി മുഖേന ഇത്തരം കാര്യങ്ങളുമായി മുന്നോട്ടു പോകും. കമ്പനികളായി രജിസ്റ്റർ ചെയ്തിരിക്കുന്ന തോട്ടങ്ങളെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, 1997-ൽ ഇന്നത്തേതിനു സമാനമായ വിലയിടിവ് റബ്ബറിന് ഉണ്ടായ ഘട്ടത്തിൽ മാർക്കറ്റ് വില നിലവാരത്തേക്കാൾ 2 രൂപ വർദ്ധിപ്പിച്ച് കൃഷിക്കാരിൽ നിന്ന് റബ്ബർ വാങ്ങുന്നതിനും അത് പ്രകാരം 16000 ടണ്ണോളം കയറ്റുമതി ചെയ്യുന്നതിനും സാധിച്ച ഒരു സ്ഥാപനം 87 ശതമാനം സർക്കാർ ഓഹരിയുടമസ്ഥതയിൽ ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. റബ്ബറിന് ഇത്രയേറെ വില കുറഞ്ഞ കാലയളവിലും റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങൾക്ക് വില കുറഞ്ഞിട്ടില്ലെന്ന് മാത്രമല്ല ടയർ കമ്പനിയുൾപ്പെടെ റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളെല്ലാം നാലും അഞ്ചും മടങ്ങ് ലാഭം ഉണ്ടാക്കുകയാണ്. 87 ശതമാനം സർക്കാർ ഓഹരിയുടമയിലുള്ള സ്ഥാപനമായ റബ്കോയ്ക്കാവശ്യമായ ധനസഹായം നൽകുകയോ അല്ലെങ്കിൽ ചുരുങ്ങിയപക്ഷം 2 രൂപ അധികരിച്ചുകൊടുത്ത് റബ്ബർ വാങ്ങാനുള്ള ചുമതല മാർക്കറ്റിംഗ് ഫെഡറേഷനേയും റബ്ബർ മാർക്കിനെയും ചുമതലപ്പെടുത്തുന്നതുപോലെ റബ്കോയെക്കൂടി ചുമതലപ്പെടുത്തണം.

നാൽപ്പതിനായിരത്തോളം കൃഷിക്കാർ അവശത അനുഭവിക്കുന്നു. ഈ ഘട്ടത്തിൽ രാഷ്ട്രീയപ്രേരിതമായ നിലപാട് സ്വീകരിക്കാതിരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, റബ്കോയിൽ നിന്ന് കൃഷിവകുപ്പിന് ഇങ്ങനെയൊരപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിച്ചാൽ അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

## മിഷൻ 676 – ലെ പദ്ധതികൾ

(T*123) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി ആഗസ്റ്റിൻ:

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ എത്ര പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയിൽ നാളിതുവരെ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പ്രസ്തുത പദ്ധതികളുടെ

പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്?

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ,

(എ) മിഷൻ 676 -ൽ 348 പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയിൽ 76 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) മിഷൻ 676 -ൽ വിവിധ വകുപ്പുകൾ പ്രത്യേകം തെരഞ്ഞെടുത്ത പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും വകുപ്പ് തലവൻമാരും വകുപ്പുതല ഉദ്യോഗസ്ഥരും വിലയിരുത്തിവരുന്നു. ഇതിനുപുറമേ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള ശുപാർശയും നൽകിവരുന്നു.

(സി) പദ്ധതിയുടെ നടത്തിപ്പിൽ സാങ്കേതിക തടസ്സങ്ങൾ ഉള്ളതായി

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഡോ. എൻ. ജയരാജ്: സർ, മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തു തന്നെ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണോ; കഴിഞ്ഞ വർഷം ആരംഭിച്ച ചില പദ്ധതികൾ പൂർത്തികരിക്കാൻ ഇനിയും സമയം ആവശ്യമായി വരുന്നതായി കാണുന്നു. അത്തരം പദ്ധതികൾ പൂർത്തീകരിക്കുവാൻ ആവശ്യമായിട്ടുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, മിഷൻ 676 പ്രഖ്യാപിച്ചത് 30.04.2014-ലെ ക്യാബിനറ്റ് യോഗമാണ്. ഈ സർക്കാരിന്റെ അവശേഷിക്കുന്ന രണ്ട് വർഷം കാലാവധിയിൽ പൂർത്തിയാക്കുവാൻ കഴിയുന്ന ചില പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. അതിന് സാമ്പത്തിക പ്രശ്നങ്ങളുണ്ട്. ആവശ്യമായ ഫണ്ട് കണ്ടെത്താൻ വേണ്ടി നടപടി സ്വീകരിക്കുന്നുണ്ട്. ഇത് ഒരു ടൈം ബൗണ്ട് പ്രോഗ്രാമാണ്. ഇതിന്റെ പുരോഗതി ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട മന്ത്രിമാരും പ്ലാനിംഗ് ബോർഡും മോണിറ്റർ ചെയ്യുന്നുണ്ട്. സാമ്പത്തിക ലഭ്യതക്കുറവ് തടസ്സമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

ഡോ. എൻ. ജയരാജ്: സർ, മിഷൻ 676 ഉൾപ്പെടെ നമ്മുടെ പദ്ധതികളുടെ

നടത്തിപ്പിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ മനോഭാവങ്ങളും ആവശ്യമില്ലാത്ത നടപടിക്രമങ്ങളുമാണ്. യഥാർത്ഥത്തിൽ ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകിയതു തന്നെ അത്തരം നടപടിക്രമങ്ങൾ തരണം ചെയ്ത് മുന്നോട്ടുപോകുന്നതിനാണ്. പ്രഖ്യാപിച്ച പദ്ധതികൾ കാലാവധിയ്ക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുവാൻ ആവശ്യമായിട്ടുള്ള ഇടക്കാല വിലയിരുത്തലുകൾ ബന്ധപ്പെട്ട ഓരോ ഡിപ്പാർട്ടുമെന്റുകളും അതുമായി ബന്ധപ്പെട്ട മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കൃത്യമായി നടക്കുന്നുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ് </u>: സർ, ഇത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഒരു ടൈം ബൗണ്ട് നടത്തിപ്പ് ഉണ്ടാക്കണം. ഈ ഗവൺമെന്റ് ആദ്യം പ്രഖ്യാപിച്ചത് നൂറു ദിവസത്തെ പരിപാടിയാണ്. ഈ പരിപാടികളിൽ പ്രഖ്യാപിച്ച 134 എണ്ണത്തിൽ 132 പദ്ധതികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. മിഷൻ 676 -ൽ പറയുന്ന കാര്യങ്ങളും സമയബന്ധിതമായി മോണിറ്റർ ചെയ്യുന്നുണ്ട്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അതിന് ഒരു ഇടക്കാല വിലയിരുത്തൽ കൂടി ആലോചിക്കുന്നതാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ആസൂത്രണ ബോർഡിന്റെ പദ്ധതി നടത്തിപ്പ് പരിഗണിക്കലിൽ മിഷൻ 676 പദ്ധതികൾക്ക് പ്രത്യേക പരിഗണന

നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. സി. ജോസഫ് : സർ, മിഷൻ 676 -ൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്നുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, ഈ പദ്ധതി വിഭാവനം ചെയ്യുമ്പോൾ ബഹു. മുഖ്യമന്ത്രി പറഞ്ഞത് ജനങ്ങൾക്ക് അവരുടെ പരാതികൾ മന്ത്രിമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും മുൻപിൽ പറയാനുള്ള അവകാശം നൽകുക എന്നുള്ളതാണ്. രാജസ്ഥാൻ മാതൃകയിൽ വേണമെങ്കിൽ നിയമ നിർമ്മാണം വരെ നടത്തുമെന്ന് അദ്ദേഹം പറയുന്നുണ്ട്. അങ്ങനെ ഒരു സാഹചര്യം നിലവിലുണ്ടോ; നിയമ നിർമ്മാണം പരിഗണനയിലുണ്ടോ ?

ശ്രീ. കെ. സി. ജോസഫ്: സർ, രാജസ്ഥാൻ മാതൃകയിൽ ഉള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അതിന് അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)